(സി) യാത്രക്കാരുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിയ്ക്ക് കത്ത് അയച്ചിട്ടുണ്ട്.

90(1056) കൊല്ലം വിരുദുനഗർ റെയിൽവേയുടെ ഗേജ് മാറ്റം

ശ്രീ.എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-വിരുദുനഗർ റെയിൽവേയുടെ ഗേജ് മാറ്റം സംബന്ധിച്ച പണികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ബി) ഇതിന്റെ പണികൾ കൊല്ലത്തുനിന്നും ആരംഭിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചു;

(സി) ഗേജ് മാറ്റത്തിന്റെ മുന്നോടിയായി പാലങ്ങളുടെ ബലപ്പെടുത്തലും പുതിയപാലം പണിയും കൊല്ലം-ചെങ്കോട്ടറൂട്ടിൽ ആരംഭിച്ചുവോ;

(ഡി) ഇല്ലെങ്കിൽ എന്നേയ്ക്ക് ഈ പണി ആരംഭിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പണികൾ ഔദ്യോഗികമായി ആരംഭിക്കുകയും ടെൻഡർ വിളിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിന്റെ പണികൾ കൊല്ലത്തുനിന്നും ആരംഭിക്കുവാനല്ല റയിൽവേ തീരുമാനിച്ചിട്ടുള്ളത്.

(സി) ഇല്ല.

(ഡി) ഇതിന്റെ പണികൾക്കുള്ള ഫണ്ട് അനുവദിച്ചുകഴിഞ്ഞു. എന്നാൽ പണി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയാനാവില്ല.

91(1057) ദേവസ്വം ബോർഡിന്റെ പ്രവർത്തനം

ശ്രീ.എം.എ. തോമസ് :

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദേവസ്വം ബോർഡിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്താറുണ്ടോ;

(ബി) ഇവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ദേവസ്വം ബോർഡിന്റെ വരവുചെലവ് സംബന്ധിച്ച ഫലപ്രദമായ ഓഡിറ്റ് സംമ്പ്രദായം ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly